## കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ മേലെ ചൊവ്വ അണ്ടർ പാസിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യപ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻ മേൽ വിദഗ്ധ സമിതിയുടെ ശുപാർശ

**തീയ്യതി 17.04-2019**

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ മേലെ ചൊവ്വ അണ്ടർ പാസിന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് ചെയർമാൻ , സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് കെയ്റോസ് കണ്ണൂർ നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്ന തിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങൾ ആയുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ലാ കല ക്ടറുടെ 18.02.2019 ലെ DCKNR/3008/2018/C8 നമ്പർ നടപടി ക്രമപ്രകാരം രൂപ വൽക്കരിച്ചിരുന്നു. അത് പ്രകാരം ഈ സമിതിയുടെ പ്രാഥമിക യോഗം 08.03.2019ാം തീയ്യതി ഉച്ചയ്ക്ക് ശേഷം 3.30 ന് കണ്ണൂർ കലക്ട്രേറ്റിൽ ചേർന്നു. യോഗത്തിൽ സാമൂഹ്യ ശാസ്ത്രജ്ഞനായ ശ്രീ.എം.ഗോപി അദ്ധ്യക്ഷത വഹിച്ചു.യോഗത്തിന്റെ ഉദ്ദേ ശ്യത്തെയും പ്രാധാന്യത്തെയും പറ്റി അദ്ദേഹം വിവരിച്ചു. തുടർന്ന് പദ്ധതിയുടെ സാങ്കേ തിക വിദഗ്ദധനായ ശ്രീ.കെ. ശിവദാസ് പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് അണ്ടർ പാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സമിതി അംഗങ്ങൾ സന്ദർശിച്ചു.

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ എളയാവൂർ അംശത്തിലെ ചൊവ്വ ബ്ലോക്ക് നമ്പർ 222 കൂടാതെ കണ്ണൂർ ഒന്ന് അംശത്തിലെ വാർഡ് 4 ലെ ബ്ലോക്ക് നമ്പർ 18 എന്നിവയിൽ ഉൾപ്പെട്ട വിവിധ സർവ്വെ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന ആകെ 23.25 ആർ ഭൂമിയാണ് ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

സ്ഥലപരിശോദനയുടെയും പഠനറിപ്പോർട്ടിലെ കാര്യങ്ങളുടെയും അടിസ്ഥാന ത്തിൽ 17.04.2019 തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ ചേർന്ന വിദഗ്ധ സമിതിയുടെ അന്തിമ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ സമിതി താഴെ ചേർത്ത ശുപാർശകൾ സമർപ്പിക്കുന്നു.

കണ്ണൂർ നഗരത്തിലെ ഏറെ തിരക്കേറിയ മേലെ ചൊവ്വയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനാണ് ഈ അണ്ടർ പാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ത്.മേലെ ചൊവ്വയിൽ വെച്ചാണ് മട്ടന്നൂർ, കണ്ണൂർ, തലശ്ശേരി എന്നീ ഭാഗങ്ങളിലേക്കുള്ള വാഹനങ്ങൾ സംഗമിക്കുന്നത്.ആയതിനാലുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനാണ് അണ്ടർ പാസ് നിർമ്മിക്കുന്നത്.

1 സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറാണ് അർത്ഥനാധി കാരി. ഈ പദ്ധതിക്കായി തുക അനുവദിക്കുന്നത് കേരള സർക്കാർ സ്ഥാപനമായ കിഫ്ബി (KIIFB) യാണ്. പൊതു ഗതാഗതസംവിധാനം സുഗമമാക്കുന്നതിന് വേണ്ടി യാണ് ഈ ഭൂമിയേറ്റേടുക്കുന്നത്. ആയതിനാൽ ഈ പദ്ധതി ഒരു പൊതു ആവശ്യത്തിന് വേണ്ടി തന്നെയാണ് .

2 മേലെ ചൊവ്വയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടിയുള്ളത് ആയതി നാൽ ഈ സ്ഥലത്തിന് പകരം മറ്റൊരു സ്ഥലം കണ്ടെത്തേണ്ട ആവശ്യം ഇല്ല.

3 60 ഓളം സ്ഥാപനങ്ങളും 152 പേരും അവരുടെ കുടുംബങ്ങളും ഈ പദ്ധതി ബാധി തരായി കാണുന്നുവെന്ന പഠന റിപ്പോർട്ടിനോട് ഈ സമിതി യോജിക്കുന്നു.വീടുക ളൊന്നും തന്നെ ഈ പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെടുന്നില്ല.

4. 28 ഓളം ഭൂവുടമകളുടെ സ്ഥലം ഏറ്റെടുക്കുന്നുണ്ട്. ഇതുമൂലം 60 ഓളം സ്ഥാപനങ്ങളും 152 പേരും അവരുടെ കുടുംബങ്ങളും ഈ പദ്ധതി ബാധിതരാണ്. ആയതിനുള്ള പുനരധിവാസ പാക്കേജ്, ഭൂമിയേറ്റെടുക്കുന്നതിനുള്ള RFCTL A R & R ACT 2013, കേരള സർക്കാരിന്റെ 29.12.2017 ലെ ജി.ഒ( എം.എസ്)നമ്പർ 448/2017/ആർഡി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പദ്ധതി ബാധിതർക്ക് ലഭ്യമാക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

5. ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റവും കുറഞ്ഞ അളവിലാണ് കാണപ്പെടുന്നുവെന്ന് ഈ സമിതി അഭിപ്രായപ്പെടുന്നു.

6. മേലെ ചൊവ്വയിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഇല്ലാതാക്കുക എന്നതാണ് പ്രധാനമായും അണ്ടർ പാസ് നിർമ്മിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത് എന്നും ആയതുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന സർവീസ് റോഡുകൾക്ക് 5.5 മീറ്റർ വീതി ഉണ്ടാകുന്നതിനാൽ യാത്ര സൗകര്യം കൂടുതൽ സുഗമമാക്കാനും സാധിക്കുമെന്ന് RBDC പദ്ധതി ഓഫീസർ പറഞ്ഞു.

അണ്ടർ പാസ് നിർമ്മിക്കുക മാത്രമാണ് മേലെ ചൊവ്വയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള ശാശ്വതപരിഹാരം എന്നും അതിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതം പദ്ധതി കൊണ്ട് ഉണ്ടാകുന്ന നേട്ടത്തെക്കാൾ കുറവാണെന്നും ആയതിനാൽ അണ്ടർപാസ് നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനവുമായി മുന്നോട്ട് പോകാവുന്നതാണ്. എന്ന് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

എം.പി അനിൽ കുമാർ
കൗൺസിലർ കണ്ണൂർ കോർപ്പറേഷൻ

എസ്സ്. ഷഹീദ
കൗൺസിലർ കണ്ണൂർ കോർപ്പറേഷൻ

പി.രാജൻ
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

സി.എം.മുരളീധരൻ
റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ

കെ.ശിവദാസ്
പദ്ധതിയുമായി ബന്ധപ്പെട്ട
സാങ്കേതിക വിദഗ്ധൻ

ഗോപി.എം
സാമൂഹ്യ ശാസ്ത്രജ്ഞൻ
ചെയർമാൻ വിദഗ്ധസമിതി.